## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5478 — 06.07.2012-ൽ മറുപടിയ്ക്ക്

<u>പാരാമെഡിക്കൽ കോഴ്സുകൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പഴയതും പുതിയതുമായ ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകളാണ് നടത്തിവരുന്നത്; | എ) | സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്ന പാരാമെഡിക്കൽ കോഴ്സുകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പാരാമെഡിക്കൽ കൗൺസിൽ പ്രസ്തുത കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്; | ബി) | എല്ലാ വിഷയത്തിലും മിനിമം മാനദണ്ഡങ്ങൾ നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളാ പാരാമെഡിക്കൽ കൗൺസിൽ എല്ലാ കോഴ്സും നടത്തുന്നതിനുള്ള കരിക്കുലം, സിലബസ്സ് എന്നിവ നിർദ്ദേശിക്കുകയും ആയത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത കോഴ്സുകൾക്ക് എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്; | സി) | നിലവിലുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. |
| ഡി) | മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്ക് പാരാമെഡിക്കൽ ക്ളാസ്സ് എടുക്കുന്ന വകയിൽ അധിക തുക നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ഡി) | മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് പാരാമെഡിക്കൽ ക്ളാസ്സ് എടുക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ വളരെ കാലപ്പഴക്കം ചെന്ന ഉത്തരവ് ആയതിനാൽ ഈ ഇനത്തിൽ പണം നൽകുന്നത് മുടങ്ങിക്കിടക്കുകയാണ്. നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ ക്രോഡീകരിച്ച് നൽകുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| ഇ) | ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരല്ലാത്ത യോഗ്യതയുള്ള ജീവനക്കാരെ പാരാമെഡിക്കൽ കോഴ്സിന്റെ ക്ളാസ് എടുക്കുന്നതിന് നിയോഗിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | ഇ) | ഓരോ കോഴ്സിനും പാരാമെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഡോക്ടർമാരും ഡോക്ടർമാരല്ലാത്ത യോഗ്യതയുള്ള ജീവനക്കാരും (ട്യൂട്ടർ ടെക്നീഷ്യൻമാർ) നിലവിൽ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം** അ

| സ്ഥാപനങ്ങൾ | കോഴ്സുകൾ |
|---|---|
| ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം | **ഡിഗ്രി കോഴ്സുകൾ**<br>ബി.എസ്സ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി, എം.എസ്സ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി - ബയോകെമിസ്ട്രി മൈക്രോബയോളജി, പത്തോളജി, ബി.എസ്സ്.സി ഒപ്റ്റോമെട്രി, ബി.എസ്സ്.സി പെർഫ്യൂഷൻ ടെക്നോളജി, ബാച്ചിലർ ഇൻ കാർഡിയോവാസ്കുലാർ ടെക്നോളജി<br>**ഡിപ്ലോമ കോഴ്സുകൾ**<br>മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി, ന്യൂറോ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി, ഡെന്റൽ ഹൈജീനിസ്റ്റ്, ഡെന്റൽ മെക്കാനിക്, എൻഡോസ്കോപ്പിക് ടെക്നോളജി, ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റൻസ് |
| ഗവ.മെഡിക്കൽ കോളേജ്, കോട്ടയം | **ഡിഗ്രി കോഴ്സുകൾ**<br>ബാച്ചിലർ ഇൻ കാർഡിയോവാസ്കുലാർ ടെക്നോളജി<br>**ഡിപ്ലോമ കോഴ്സുകൾ**<br>മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി |
| ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | **ഡിഗ്രി കോഴ്സുകൾ**<br>ബി.എസ്സ്.സി ഒപ്റ്റോമെട്രി, ബി.എസ്സ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ബി.എസ്സ്.സി പെർഫ്യൂഷൻ ടെക്നോളജി, ബാച്ചിലർ ഇൻ കാർഡിയോവാസ്കുലാർ ടെക്നോളജി<br>**ഡിപ്ലോമ കോഴ്സുകൾ**<br>മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി, ന്യൂറോ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി, ഡെന്റൽ മെക്കാനിക്സ്, എൻഡോസ്കോപ്പിക് ടെക്നോളജി, ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റൻസ്, റെസ്പിറേറ്ററി ടെക്നോളജി. |
| ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ | **ഡിഗ്രി കോഴ്സുകൾ**<br>ബാച്ചിലർ ഇൻ കാർഡിയോവാസ്കുലാർ ടെക്നോളജി<br>**ഡിപ്ലോമ കോഴ്സുകൾ**<br>മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി |
| ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | **ഡിപ്ലോമ കോഴ്സുകൾ**<br>മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി |

സെക്ഷൻ ഓഫീസർ